(ഡി) റെയിൽവേ നിഷ്കർഷിച്ചത് പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് നിശ്ചയിച്ച് റെയിൽവേയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

രാജ്യറാണി എക്സ്പ്രസ്സ്

121 (488) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ റോഡ്-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) സ്വതന്ത്ര ട്രെയിനാക്കുന്നതിന് കഴിയില്ലെങ്കിൽ രാജ്യറാണി എക്സ്പ്രസ്സിൽ അധിക ബോഗി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടിരുന്നു. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിരുന്നു. 2016-17 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം ഇതിനകംതന്നെ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

റെയിൽ പദ്ധതികൾ

122 (489) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്റ് അംഗങ്ങൾ കേരള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് എഴുതി നൽകിയ ഏതൊക്കെ റെയിൽ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ഓരോ എം.പി.-യും ഇതുപ്രകാരം കേന്ദ്ര റെയിൽ മന്ത്രിക്ക് രേഖാമൂലം നൽകിയ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്റ് അംഗങ്ങൾ എഴുതി നൽകിയ ഏതെങ്കിലും റെയിൽ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയതായുള്ള വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സംസ്ഥാനത്തെ ഓരോ എം.പി.-യും കേന്ദ്ര റെയിൽ മന്ത്രിക്ക് രേഖാമൂലം നേരിട്ട് നൽകിയ ആവശ്യങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോകസഭ, രാജ്യസഭാ എം.പി.-മാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും അതിനുപുറമേ എല്ലാ വർഷവും റെയിൽ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കേരളത്തിലെ സമഗ്ര റെയിൽവേ വികസനത്തിന് പരിഗണിക്കേണ്ട കാര്യങ്ങൾ അടങ്ങുന്ന നിവേദനത്തിൽ ബഹുമാനപ്പെട്ട എം.പി.-മാരോട് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് അവർ തരുന്ന വിവരങ്ങളും ചേർത്ത് വരുന്നുണ്ട്.

കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള മുന്നൊരുക്കങ്ങൾ

123 (490) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം, പുതിയ പദ്ധതികളും ട്രെയിനുകളും എന്നിവ സംബന്ധിച്ച് അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ എന്തെല്ലാം നടത്തി വരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എം.പി.-മാരുമായി ബന്ധപ്പെട്ട് കേന്ദ്രത്തെ സമീപിച്ച് ആവശ്യങ്ങൾ സമർപ്പിക്കുന്നതിന് നടപടിയുണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly